*Celebrating Extraordinary Missionary Month October 2019…*

**Monday, 7 October 2019**
Lk 10:38-42
Fr. Geo Kannamkulam CMI

തിരുവചനത്തെ മനനം ചെയ്ത്, അതില്നിന്നും സ്വരൂപിച്ചെടുക്കുന്ന ആത്മശക്തിയാല് കരുണയുടെയും ശുദ്ധസ്നേഹത്തിന്റെയും മുഖവുമായി പ്രവര്ത്തനമണ്ഡലത്തിലേയ്ക്കിറങ്ങുവാനുള്ള വിളിയാണ് ഓരോ പ്രേഷിതന്റെയും.

'മറിയം നല്ല ഭാഗം തിരഞ്ഞെടുത്തു' എന്ന ഗുരുവിന്റെ സര്ട്ടിഫിക്കറ്റ് പ്രേഷിതവൃത്തിയ്ക്കിറങ്ങുന്ന ഓരോ വ്യക്തിയുടെയും കൈവശമുണ്ടായിരിക്കേണ്ടതാണ്. ഒരിക്കല് നേടിയെടുത്താല് പോരാ, അത് ഓരോ ദിവസവും നവീകരിക്കപ്പെടണം: പ്രാര്ത്ഥനയിലൂടെ, ധ്യാനത്തിലൂടെ.. അപ്ഡേറ്റ് ചെയ്യാത്ത പഴയ സമര്പ്പണസര്ട്ടിഫിക്കറ്റ് തിരുമുമ്പില് അസാധുവായെന്നിരിക്കും. മണിക്കൂറുകള് ഇരിക്കണം - അവന്റെ കൂടെ, അവന്റെ ചാരെ. അപ്പോള് അവിടുന്ന് അവയെ അനുഗ്രഹത്തിന്റെ തിരുമണിക്കൂറുകളാക്കി തിരികെ തരും. ഇത് പ്രേഷിതമാസത്തില് മാത്രമല്ല, പ്രേഷിതവഴികളിലുടനീളം തെളിയേണ്ട ചൈതന്യമാണ്.

പാദത്തിങ്കലിരിക്കുന്നത് എളിമയുടെ ശ്രേഷ്ഠഭാവം കൂടിയാണ്. നിസ്സാരതാഭാവത്തോടെ അപേക്ഷിച്ച ചുങ്കക്കാരന് നീതീകരിക്കപ്പെട്ടവനായതുപോലെ, വിധവയുടെ കൊച്ചുകാശ് വലിയ  മൂല്യമുള്ളതായതുപോലെ, എളിമ നിറഞ്ഞ അപേക്ഷകളെയും സമര്പ്പണത്തെയും ഉപേക്ഷിക്കുവാന് അവിടുത്തേയ്ക്കാകില്ല. പ്രേഷിതന്റെ പ്രാര്ത്ഥന എന്നത് പാദാന്തികത്തിലിരിക്കല് തന്നെയാകേണ്ടതുണ്ട്. കാരണം, തിരുവചനം പങ്കുവയ്ക്കുന്ന ജീവിക്കുന്ന മിഷനറി - അത് സമര്പ്പിതയോ അല്മായനോ വൈദികനോ ആയിക്കൊള്ളട്ടെ - അവര് പങ്കുവയ്ക്കുന്നത് ക്രിസ്തുവിനെത്തന്നെയാണ്. അറിയാതെ, അനുഭവിക്കാതെ പങ്കുവയ്ക്കാനിറങ്ങരുതല്ലോ. മധുരം നുണയാതെ മാധുര്യമെന്തെന്നു വിശദീകരിക്കാന് ശ്രമിക്കരുതല്ലോ. പാദാന്തികത്തിലിരിക്കാതെ, പാദം ചലിപ്പിക്കാനിറങ്ങിയാല് അത് പ്രേഷിതജീവിതത്തിലെ വലിയ അബദ്ധമാകും.

തനിക്കു വിരുന്നൊരുക്കിയ മര്ത്തായുടെ മനസ്സിന്റെ ആധിയെ കുറ്റപ്പെടുത്തുന്നതിലും കൂടുതല്,  ഈശോ ഓര്മ്മപ്പെടുത്തുന്നത് മറിയത്തിന്റെ മനോഭാവം എത്ര പ്രധാനമാണ് എന്നതുതന്നെ. സകല ശിഷ്യഗണത്തിനും പാഠമായിരിക്കേണ്ടതിനാണ് ഗുരു 'നല്ല ഭാഗം' എന്തെന്നു പാദാന്തികത്തില് ധ്യാനപൂര്വം ഇരിക്കുന്നവളെ ചൂണ്ടി വിശദീകരിച്ചത്.

ഓരോ ക്രിസ്തു-അനുയായിയും (ക്രിസ്ത്യാനി) കൂദാശകളിലൂടെ പ്രേഷിതനാകുവാനുള്ള ദൗത്യം ഏറ്റെടുക്കുന്നുണ്ട്.

പരിശുദ്ധാത്മാവിനെ സ്വീകരിച്ചവന്, ജീവിതംകൊണ്ട് ആത്മാവിനെ പങ്കുവയ്ക്കേണ്ടതല്ലേ. ദിവ്യകാരുണ്യത്തിലൂടെ ഈശോയെ സ്വീകരിക്കുന്നവര്, ഈശോയെ സൂക്ഷിക്കുന്ന വിശുദ്ധ സക്രാരിയായി സ്വയം മാറ്റപ്പെടുകയല്ലേ. എങ്കില് ഈശോയെ എടുത്തു പങ്കുവയ്ക്കുവാനുള്ള ദൗത്യം നമ്മില് സ്വാഭാവികമായി ഉണ്ടാകുന്നുണ്ടല്ലോ. പരിശുദ്ധ കുമ്പസാരത്തിലൂടെ ദൈവകരുണയുടെ ആഴമറിഞ്ഞവര്, വ്യക്തിബന്ധങ്ങളില് ഈ കരുണയും ക്ഷമയും സ്നേഹവും പങ്കുവയ്ക്കാന് കടപ്പെട്ടവരല്ലേ. സംശയമില്ല: ഓരോ ക്രിസ്തു അനുയായിയും പ്രേഷിതരാണ്. ഈശോയെ വാക്കുകളിലൂടെയും പ്രവര്ത്തനങ്ങളിലൂടെയും, സകലനേരവും സകലരിലേയ്ക്കും പകരുവാനുള്ള പ്രേഷിതദൗത്യം ഏറ്റെടുക്കുന്ന തീക്ഷ്ണമതികളായ പ്രേഷിതര്.

മറന്നുകൂടാ - മറിയത്തെപ്പോലെ നല്ല ഭാഗം തിരഞ്ഞെടുക്കേണ്ടത് വൈദികരും സമര്പ്പിതരും മാത്രമല്ല ഓരോ വിശ്വാസിയുടെയും ഉത്തരവാദിത്തമാണത്. നല്ല ഭാഗം തിരഞ്ഞെടുത്തു എന്നതിന്റെ സാക്ഷ്യപത്രമാണ് ഉള്ളിലെ പ്രസാദവരത്തിന്റെ നിറവ്. വരപ്രസാദത്താല് നിറയപ്പെട്ടാല് പിന്നെ, മര്ത്തായെപ്പോലെ ഓടിയാലും തളരില്ല. കാരണം എല്ലാ ഓട്ടങ്ങള്ക്കും പിന്നിലും മുന്നിലും ഗുരുവിന്റെ നിഴല് തണലേകുന്നുണ്ടാകും. അതാണ് പ്രേഷിതന്റെ വഴി.

അസാധാരണപ്രേഷിതമാസം എന്ന അനുഗ്യഹീതമായ ഈ ഒക്ടോബര് ദിനങ്ങള് നമ്മിലെ പ്രേഷിതചൈതന്യത്തെ ആളിക്കത്തിക്കുവാന് സഹായിക്കട്ടെ. 'മാക്സിമൂം ഇല്ലൂദ്' - 'ഏറ്റവും വലിയ ആ കാര്യം', നല്ല ഭാഗത്തിന്റെ തിരഞ്ഞെടുപ്പിനായി നമ്മെ നിരന്തരം നിര്ബന്ധിച്ചുകൊണ്ടിരിക്കട്ടെ. നല്ല ഭാഗം തിരഞ്ഞെടുക്കുന്നതിലുള്ള ആലസ്യത്തെ അകറ്റി, വചനം കൈയിലെടുത്ത്
വായിക്കുവാന് ധ്യാനിക്കുവാന് പങ്കുവയ്ക്കുവാന് സ്വയമേവ ശ്രമമുണ്ടാകട്ടെ. സ്വഭാവത്താല്ത്തന്നെ നമുക്കും പ്രേഷിതരാകാം.

*Published by*
CMI General Department of Evangelization and Pastoral Ministry